**പതിനാലാം കേരളനിയമസഭ**

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.691 28.02.2018 ന് മറുപടിയ്ക്ക്.

**<u>നെയ്യാർഡാം ലയൺ സഫാരി പാർക്കിന്റെ നവീകരണം</u>**

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ.സി.കെ.ഹരീന്ദ്രൻ | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) നെയ്യാർഡാം ലയൺ സഫാരി പാർക്കിൽ പുതുതായി രണ്ട് സിംഹങ്ങളെ കൂടി എത്തിക്കുന്നതിനായി സമർപ്പിച്ചിരുന്ന നിവേദനത്തിന്റെ തൽസ്ഥിതി അറിയിക്കാമോ; | (എ) നെയ്യാർഡാം ലയൺ സഫാരി പാർക്കിൽ പുതുതായി 2 സിംഹങ്ങളെക്കൂടി ലഭ്യമാക്കുന്നതിനായി Central Zoo Authority-യ്ക്കും, പി.സി.സി.എഫ് & ചീഫ് വൈൽഡ് ലൈഫ് വാർഡൻ, ഗുജറാത്തിനും അപേക്ഷ സമർപ്പിക്കുകയുണ്ടായി. എന്നാൽ 23.11.17-ലെ Central Zoo Authority-യുടെ കത്ത് നമ്പർ എഫ്-23-4/17-സി.ഇസഡ്.എ/ബി.കെ.ജി/2061/എച്ച് പ്രകാരം നെയ്യാർ സഫാരി പാർക്കിൽ ഏഷ്യൻ സിംഹങ്ങളെ നൽകുന്നതിനുള്ള അനുമതി ലഭിക്കുന്നതിന് ചില ന്യൂനതകൾ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഇവ പരിഹരിച്ച ശേഷം മാത്രമേ പുതുതായി സഫാരി പാർക്കിൽ സിംഹങ്ങളെ ലഭിക്കാൻ ഇടയുള്ളൂ. |
| (ബി) നെയ്യാർഡാം ലയൺ സഫാരി പാർക്കിന്റെ നവീകരണത്തിനായി ഏതെങ്കിലും തരത്തിലുള്ള പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ബി) ലയൺ സഫാരി പാർക്കിന്റെ നവീകരണത്തിനായി പുതിയ പദ്ധതികൾക്കൊന്നും തന്നെ രൂപം നൽകിയിട്ടില്ല. |

സെക്ഷൻ ഓഫീസർ